# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **4066**.

**20-03-2018 ൽ മറുപടിയ്ക്ക്**

## കരനെൽകൃഷി പ്രോത്സാഹനത്തിന് നൽകുന്ന ആനുകൂല്യങ്ങൾ

**ചോദ്യം**

ശ്രീ.അനിൽ അക്കര

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരനെൽകൃഷി വികസന പദ്ധതി വിജയകരമാണോ; അതിലൂടെ നെൽകൃഷി വ്യാപനത്തിൽ എന്ത് പുരോഗതി കൈവരിച്ചു; വ്യക്തമാക്കുമോ; | (എ) | കരനെൽകൃഷി വികസന പദ്ധതി വിജയകരമാണ്. 2016-17 സാമ്പത്തിക വർഷം 2750.092 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി ചെയ്തിരുന്നു. നടപ്പ് വർഷം 2500 ഹെക്ടറായിരുന്നു ലക്ഷ്യമിട്ടത്. എന്നാൽ 2625 ഹെക്ടർ കൈവരിക്കാൻ കഴിഞ്ഞു. ഇതിനും പുറമേ പദ്ധതിയധിഷ്ഠിതമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നഗര പ്രദേശത്തെ റസിഡന്റ്സ് അസോസിയേഷനുകളിലും മറ്റും ചെറിയ തോതിൽ പരീക്ഷണാടിസ്ഥാനത്തിൽ കരനെൽകൃഷി നടപ്പാക്കിയിരുന്നു. |
| (ബി) | കരനെൽകൃഷി നടപ്പിലാക്കുന്നതിന് കർഷകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ടോ; | (ബി) | പദ്ധതിയുടെ ഭാഗമായി പരിശീലനത്തിനു വ്യവസ്ഥയില്ല. എന്നാൽ, ആത്മ, ലീഡ്സ്, വിള ആരോഗ്യ പരിപാലന പദ്ധതി മറ്റു പരിശീലന പരിപാടികൾ എന്നിവയിലുൾപ്പെടുത്തി കൃഷിഭവൻ തലത്തിൽ ആവശ്യമായ പരിശീലനം നൽകുന്നുണ്ട്. |
| (സി) | കീടനാശിനി, കളനാശിനി തുടങ്ങിയവയുടെ ഉപയോഗം കുറച്ച് ജൈവമാർഗ്ഗത്തിലൂടെ കരനെൽകൃഷി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; 2018-19 ൽ ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്; | (സി) | കീടനാശിനി, കളനാശിനി തുടങ്ങിയവയുടെ ഉപയോഗം കുറച്ച് ജൈവമാർഗ്ഗത്തിലൂടെ കരനെൽകൃഷി ചെയ്യിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം ബ്ലോക്ക് തലത്തിൽ 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഈ പദ്ധതി പ്രകാരം നെല്ല് ഒരു പ്രധാന വിളയാണ്. |

| | | | |
|---|---|---|---|
| | | | കീടരോഗനിർണ്ണയം, പ്രതിരോധ മാർഗ്ഗങ്ങൾ, മിത്രകീടങ്ങളെക്കുറിച്ചുള്ള അറിവ്, മണ്ണിന്റെ അമ്ലത്വ പരിശോധന സന്തുലിത വളപ്രയോഗം, വിവിധതരം കെണികൾ, ഇക്കോളൊജിക്കൽ എഞ്ചിനീയറിങ് എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭിക്കും. മിത്രകീടങ്ങളെ തിരിച്ചറിയാനും കീടരോഗബാധയെപ്പറ്റി മുന്നറിയിപ്പ് നൽകാനും അതനുസരിച്ച രാസമാർഗ്ഗങ്ങൾ പരമാവധി കുറച്ച് ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും കഴിയും. ജൈവിക നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡെർമ തുടങ്ങിയവ കർഷകരുടെ പുരയിടത്തിൽ തന്നെ ഉല്പാദിപ്പിച്ച് ഉപയോഗിക്കാൻ ആവശ്യമായ സാങ്കേതിക സഹായവും നൽകുന്നു.<br>2018-19 ൽ കരനെൽകൃഷിക്കായി 375 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | കരനെൽകൃഷി പ്രോത്സാഹനത്തിന് നൽകുന്ന ആനുകൂല്യം എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറൊന്നിനു 13600/- രൂപ സബ്സിഡി നൽകുന്നു. |

സെക്ഷൻ ഓഫീസർ